● ശമീർ കെ വടകര

### ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃയും അഹ്‌ലുസ്സുന്നത്തിലെ ഇമാമുകളും (4)

# ഇബ്നുതൈമിയ്യഃയെ ബഹിഷ്കരിക്കുന്നതിനെതിരെ ഇമാം ഇബ്നുസയ്യിദിന്നാസിന്റെ രോഷം

മുസ്‌ലിം കേരളത്തിൽ നമുക്ക് സങ്കൽപിക്കാൻ സാധിക്കാത്തതും എന്നാൽ നാം ഏറ്റവും ആഗ്രഹിക്കുന്നതുമായ ഒരു കാര്യമുണ്ട്. സമസ്തയുടെ നേതാവ് ഉസ്താദ് എ.പി അബൂബക്കർ മുസ്‌ലിയാർ (കാന്തപുരം) ജമാഅത്തെ ഇസ്‌ലാമി, നദ്‌വത്തുൽ മുജാഹിദീൻ സംഘടനകളിലെ പണ്ഡിതന്മാരുടെ കൂടെ ഒരുമിച്ചിരുന്ന് പരസ്പരം പുകഴ്ത്തുകയും മറുവിഭാഗത്തിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും ചെയ്യുന്നരംഗം! എന്താണ് ഇതിന് തടസ്സം? തടസ്സമുണ്ട്. മറ്റുവിഭാഗങ്ങൾ ബിദഈ കക്ഷികളാണ്. അവരുടെ കൂടെ ഇരിക്കാനോ അവരെ പുകഴ്ത്തി സംസാരിക്കാനോ പാടില്ല. അങ്ങനെ ചെയ്യുന്നത് സുന്നത്ത് ജമാഅത്തിനെ അവഹേളിക്കലാണ്. അതിനാൽ ഇവർക്കെതിരെയുള്ള വിഷം കുട്ടികളിൽ ചെറുപ്രായത്തിലേ കുത്തിവെക്കണം. അങ്ങനെ ദർസുകളിലെയും അനാഥാലയങ്ങളിലേയും കുട്ടികളെ ചെറുപ്രായത്തിൽ തന്നെ ഇവർക്കെതിരെ വിദ്വേഷാവേശത്തോടെ ഇളക്കിവിടാം. ഭാവിയിൽ സത്യം ബോധ്യമായാൽ പോലും അത് നിരാകരിക്കാൻ പാകത്തിൽ ഹൃദയങ്ങളെ പാകപ്പെടുത്തിയെടുക്കാം. ഈ കുതന്ത്രം ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയുടെ കാലത്ത് തന്നെ ചില അസൂയാലുക്കൾ നടത്തിയിരുന്നു. അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിലെ അത്യുന്നത പണ്ഡിതർ ഇതിനെ ശക്തിയുക്തം എതിർത്തു. ഈ ഗണത്തിലിതാ ഒരു മഹാ പണ്ഡിതൻ. ഇമാം താജുദ്ദീൻ സുബ്കി അങ്ങേയറ്റം പുകഴ്ത്തുകയും ബഹുമാനിക്കുകയും ചെയ്ത, ആയിരത്തോളം ഗുരുവര്യന്മാരുടെ ശിഷ്യനെന്ന് ഇബ്നു ഹജർ(റ) വിവരിച്ച ഇമാം അബുൽ ഫതഹ് ഇബ്നു സയ്യിദിന്നാസ് അൽ യഅ്മരി(റ) പൂർണ്ണനാമം: (മുഹമ്മദ്ബ്നു മുഹമ്മദ്ബ്നു മുഹമ്മദ്ബ്നു അഹ്മദ്, മരണം: ഹി:734.



ഇബ്നു അയ്ബക് അദ്ദിംയാത്വിയുടെ ചോദ്യങ്ങൾക്ക് ഇബ്നു സയ്യിദിന്നാസിന്റെ മറുപടി

أجوبة ابن سيّد الناس اليعمري عن سؤالات ابن أيبك الدمياطي

'എന്ന തലക്കെട്ടിൽ ഇമാം ഇബ്നു സയ്യിദിന്നാസ്, ഇമാം ഇബ്നു തൈമിയ്യഃയെ(റ) സംബന്ധിച്ച് നൽകിയ വിശദീകരണം ഇങ്ങനെ: (ഹി: 1410 ൽ മൊറോക്കോ ഔഖാഫ് മന്ത്രാലയം ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്) ഇമാം ഇബ്നു ഹജറിൽ അസ്ഖലാനി(റ)യുടെ 'അദ്ദുററുൽ കാമിനഃ ഫിൽ മിഅതിഥ്ഥാമിനഃ'യിൽ ഇതിന്റെ പൂർണ രൂപം എഴുതിയിട്ടുണ്ട്. അതിവിടെ ഉദ്ധരിക്കാം. കഴിഞ്ഞ ലക്കത്തിൽ നാം വായിച്ച ഇമാം മിസ്സിയെ പുകഴ്ത്തിയ ശേഷം ഇബ്നു സയ്യിദിന്നാസ് പറയുന്നു:

وهو الذي حداني على رؤية الشيخ الإمام شيخ الإسلام: تقي الدين أبي العباس أحمد بن عبد الحليم بن تيمية. فألفيته ممن أدرك من العلم حظّا، وكاد يستوعب السنن والآثار حفظا. إن تكلّم في التفسير؛ فهو حامل رايته، أو أفتى في الفقه؛ فهو مدرك غايته، أو ذاكر بالحديث؛ فهو صاحب علمه وذو روايته، أو حاضر بالنّحل والملل؛ لم يُر أوسع من نِحْلَتِهِ في ذلك ولا أرفع من درايته، برز في كل

فنّ على أبناء جنسه، ولم تر عين من رآه مثله، ولا رأت عينه مثل نفسه. كان يتكلم في التفسير فيحضر مجلسه الجم الغفير.

'അദ്ദേഹമാണ് (ഇമാം മിസ്സി) എന്നെ ശൈഖുൽ ഇമാം, ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യഃയെ കാണാൻ എന്നെ നയിച്ചത്. നല്ലൊരുപങ്ക് വിജ്ഞാനം ലഭിച്ചവരിലൊരാളാണദ്ദേഹം. അദ്ദേഹം നബിചര്യക ളെയും ഹദീഥുകളെയും മുഴുവനായി മനഃപാഠമാക്കി. ഖുർആൻ വ്യാഖ്യാന വിഷയകമായി അദ്ദേഹം സംസാ രിച്ചാൽ, അദ്ദേഹം തന്നെയായിരിക്കും അതിന്റെ കൊടി വാഹകൻ. കർമ്മ ശാസ്ത്രത്തിൽ ഫത്‌വ നൽകിയാൽ അത്യന്തിക ജ്ഞാനിയും അദ്ദേഹം തന്നെ. ഹദീസിനെ പരാമർശിച്ചാൽ അദ്ദേഹം തന്നെ അതിന്റെ ഉടമയും ഉദ്ധാ രകനും. വിവിധ മതസമുദായങ്ങളെ കുറിച്ച് പ്രഭാഷണം നടത്തിയാൽ, ആ വിഷയകമായി മനസ്സിലാക്കുന്നതിലോ, വിശാലമായ സംഭാവന ചെയ്യുന്നതിലോ അദ്ദേഹത്തേ ക്കാളും ഉന്നതിയിലെത്തിയ ആരുമില്ല തന്നെ. സകല കല കളിലും അദ്ദേഹം ഇതരരേക്കാൾ മികച്ചുനിന്നു. അദ്ദേ ഹത്തെ കണ്ട ഒരു കണ്ണും അതുപോലെയൊരാളെ കണ്ടി ട്ടില്ല. അദ്ദേഹത്തിന്റെ കണ്ണ് തന്നെ അദ്ദേഹത്തെ പോലെ ഒരാളെ കണ്ടിട്ടുണ്ടാവില്ല. തഫ്സീറിൽ അദ്ദേഹത്തിന്റെ സംസാരം കേൾക്കാൻ വലിയ ജനക്കൂട്ടം തന്നെ ഹാജ റായിരുന്നു' (അദ്ദുററുൽ കാമിനഃ വാള്യം: 1, പേ:182, 183).

ഇമാം ഇബ്‌നു സയ്യിദിന്നാസിന്നും ഇബ്‌നു തൈ മിയ്യഃ 'ശൈഖുൽ ഇസ്‌ലാമും' മഹാ പണ്ഡിതനും പ്രബോ ധകനും!!! തുടർന്നദ്ദേഹം, ശൈഖിന്റെ വിജ്ഞാനത്തിലും പ്രബോധന പ്രവർത്തനങ്ങളിലും അസൂയാലുക്കളായ കുബുദ്ധികളുടെ കുതന്ത്രങ്ങളെയും അവരുടെ ബഹി ഷ്ക്കരണാഹ്വാനങ്ങളേയും വിമർശിക്കുന്നത് കാണുക.

ويردون بحر علمه العذب النمير، ويرتعون من ربيع فضله في روضة وغدير، إلى أن دب إليه من أهل بلده داء الحسد، وأكبّ أهل النظر منهم على ما يُنتقد عليه في حنبليته من أمور المعتقد، فحفظوا عنه في ذلك كلاما؛ أوسعوه بسببه ملاما، وفوّقوا لتبديعه سهاما. وزعموا أنّه خالف طريقتهم، وفرق فريقهم، فنازعهم ونازعوه.

وقاطع بعضهم وقاطعوه، ثم نازع طائفة أخرى ينتسبون من الفقر إلى طريقَة، ويزعمون أنهم على أدق باطن منها وأجلى حقيقة، فكشف تلك الطرائق، وذكر لها — على ما زعم — بوائق، فآضت إلى الطائفة الأولى من منازعيه، واستعانت بذوي الضغن عليه من مقاطعيه، فوصلوا بالأمراء أمره، وأعمل كل منهم في كفره فكره، فرتّبوا محاضر، وألّبوا الرويبضة للسّعي بها بين الأكابر، وسعوا في نقله إلى حضرة المملكة بالديار المصرية فنُقل،أوُدع السجن ساعة حضوره واعتقل، وعقدوا لإراقة دمه مجالس، وحشدوا لذلك قوما من عمّار الزوايا وسكّان المدراس، من مجامل في المنازعة، مخاتل بالمخادعة، ومن مجاهر بالتكفير مبارز بالمقاطعة، يسومُونَهُ ريب المنون، (وربُّكَ يَعْلَمُ مَا تُكِنُّ صُدُورُهُمْ وَمَا يُعْلِنُونَ) القصص:٦٩) وليس المجاهر بكفره بأسوأ حالا من المخاتل، وقد دبّت إليه عقارب مكره فردّ الله كيد كلّ في نحره، ونجاه على حد من اصطفاء والله غالب على أمره.

'അവർ (ജനങ്ങൾ) അദ്ദേഹത്തിന്റെ വിശേഷവും രുചിപ്രദവുമായ വിജ്ഞാന സാഗരത്തിൽ നിന്ന് വെള്ള മെടുത്തു. അദ്ദേഹത്തിന്റെ ശ്രേഷ്ഠതയുടെ വസന്തത്തിൽ തോട്ടങ്ങളിലും അരുവികളിലുമായി അവർ മേഞ്ഞുനട ന്നു. അങ്ങനെയിരിക്കെ, അദ്ദേഹത്തിന്റെ തന്നെ നാട്ടു കാരിൽ അദ്ദേഹത്തിന്നെതിരെ അസൂയ രോഗം ഉടലെ ടുത്തു. അവരിലെ ചിന്താശേഷിയുള്ളവർ ആദർശവിഷ യകമായി അദ്ദേഹം നിരൂപണം ചെയ്യപ്പെടുന്ന ഹമ്പലീ വീക്ഷണങ്ങളിൽ വ്യാപൃതരായി. ദ്വിഷയകമായ അദ്ദേഹ ത്തിന്റെ ചില വാക്കുകളെ വികസിപ്പിച്ചെടുത്ത് അദ്ദേ ഹത്തെ വിമർശിക്കാൻ കാരണം കണ്ടെത്തി. അദ്ദേ ഹത്തെ ബിദഈയായി മുദ്രകുത്തി ശരമെയ്തു. തങ്ങ ളുടെ വഴിവിട്ട് മറ്റൊരുവഴിക്കാണ് ഇബ്‌നുതൈമിയ്യഃയുടെ പോക്കെന്നും തങ്ങളുടെ സംഘത്തെ അദ്ദേഹം ശിഥില മാക്കിയെന്നും അവർ വാദിച്ചു. അങ്ങനെ, അദ്ദേഹം അവ രുമായും അവർ അദ്ദേഹവുമായും വാദവിവാദങ്ങളുണ്ടാ യി. അദ്ദേഹം ചിലരെയും അദ്ദഹത്തെ ചിലരും ബഹി ഷ്കരിച്ചു.

പിന്നീട്, ഒരു ത്വരീഖത്ത് ഗ്രൂപ്പുമായി അദ്ദേഹം ഇടഞ്ഞു. വ്യക്തമായ യാഥാർഥ്യവും സൂക്ഷ്മഗൂഢാശ യങ്ങളിലുമാണ് തങ്ങൾ നിലകൊള്ളുന്നതെന്നായിരുന്ന അവരുടെ വാദം. അദ്ദേഹമാകട്ടെ, ത്വരീഖത്തുകളെ തുറ ന്നുകാട്ടി. അവയുടെ ആപത്തുകൾ എടുത്തുപറഞ്ഞു. അദ്ദേഹത്തെ ബഹിഷ്കരിച്ചവരും ഉപരോധിച്ചവരുടെയും സഹായത്തോടെ അവർ അദ്ദേഹത്തിന്നെതിരിൽ ഭര ണാധികാരികളെ സ്വാധീനിച്ചു. അദ്ദേഹത്തെ കാഫിറായി പ്രഖ്യാപിക്കാൻ അവരെല്ലാവരും ചിന്തിച്ചു. അതിന്നായി കുറ്റപത്രം തയ്യാറാക്കി. പൗരപ്രമുഖന്മാർക്കിടയിൽ അദ്ദേ ഹത്തിന്നെതിർ സന്നാഹങ്ങളൊരുക്കി. അദ്ദേഹത്തെ ഈജിപ്തിലെ ഭരണാധികാരിയുടെ മുമ്പാകെ ഹാജരാ ക്കാൻ ശ്രമങ്ങൾ നടന്നു. അതുപ്രകാരം ഭരണാധികാരി യുടെ മുമ്പാകെ ഹാജരാക്കപ്പെട്ടു. ഹാജരാക്കപ്പെട്ട ഉടനെ ജയലിലടക്കപ്പെട്ടു. അദ്ദേഹത്തിന്റെ രക്തം ചിന്താ നായി അവർ സദസ്സുകൾ സംഘടിപ്പിച്ചു. മതവിദ്യാലയ ങ്ങളിൽ താമസിക്കുന്നവരെയും, ആശ്രമപരിപാലകരെയും സമ്മേളിപ്പിച്ചു... അവരിൽ ചതിയന്മാരും, കുഫ്‌റ് ഫത്‌വ പുറപ്പെടുവിച്ചവരും, താർക്കികന്മാരുമെല്ലാമുണ്ടായിരുന്നു. അദ്ദേഹത്തെ മരണ ശിക്ഷ അനുഭവിപ്പിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. 'അവരുടെ ഹൃദയങ്ങൾ ഒളിപ്പിച്ചുവെ ക്കുന്നതും അവർ പരസ്യമാക്കുന്നതും നിന്റെ രക്ഷിതാവ് അറിയുന്നുണ്ട്' (ഖസ്വസ്:69). അദ്ദേഹത്തെ ചതിപ്പെടു ത്താൻ ശ്രമിച്ചവർ, അദ്ദേഹം കാഫിറാണെന്ന് ഉറക്കെ പ്രഖ്യാപിച്ചവരേക്കാൾ മോശക്കാരായിരുന്നില്ല. അദ്ദേഹ ത്തിനുനേരെ തേളുകൾ ഇഴഞ്ഞുനീങ്ങി. പക്ഷെ, അല്ലാഹു എല്ലാ കുതന്ത്രങ്ങളെയും അവരുടെ നെഞ്ചി

ലേക്ക് തന്നെ മടക്കി. അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തി. അല്ലാഹു തന്റെ കാര്യം ജയിക്കുന്നവനാണ് (സംഗ്രഹവിവർത്തനം).

ഇമാമവർകളുടെ വിജ്ഞാനത്തെയും അദ്ദേഹം ദീനിന്റെ മാർഗത്തിൽ സഹിച്ച പ്രയാസങ്ങളെയും വിശദീകരിച്ച ശേഷം ശത്രുക്കളുടെ കാര്യം അല്ലാഹുവിലേക്ക് വിട്ടുകൊടുത്തുകൊണ്ട് അദ്ദേഹത്തിന്റെ ജനാസ ദിനത്തെ സംബന്ധിച്ച് ഇബ്നു ഹജർ വിവരിക്കുന്നു.

ثم لم يخل بعد ذلك من فتنة بعد فتنة ولم ينقل طول عمره من محنة إلا إلى محنة إلى أن فوّض أمره لبعض القضاة فتقلّد ما تقلّد من اعتقاله ولم يزل بمجسه ذلك إلى حين ذهابه إلى ربه تعالى وانتقاله، وإلى الله ترجع الأمور، وهو المطّلع على خائنة الأعين وما تخفي الصدور. وكان يومه مشهودا ضاقت بجنازته الطريق، وانتابها المسلمون من كلِّ فجٍ عميق، يتبركون بمشهده يوم يقوم الأشهاد ويتمسكون بشرجعه حتى كسروا تلك الأعواد.

'പിന്നീട് ഒന്നിന് പിറകെ മറ്റൊന്നായി ധാരാളം പരീക്ഷണങ്ങളും ദുരിതങ്ങളും അദ്ദേഹത്തെ ഇടമുറിയാതെ ആയുസ്സറുതിവരെ പിന്തുടർന്നു. അദ്ദേഹത്തിന്റെ കാര്യമങ്ങനെ ചില ന്യായാധിപന്മാരുടെ മുമ്പാകെ സമർപ്പിതമാവുകയും അങ്ങനെ ആ മഹാൻ അല്ലാഹുവിലേക്ക് യാത്രയാകും വരെ തടങ്കലിൽ ബന്ധിക്കപ്പെടുകയും ചെയ്തു. കാര്യങ്ങളുടെയെല്ലാം മടക്കം അല്ലാഹുവിലേക്ക് തന്നെ. ഹൃദയങ്ങളിൽ ഒളിപ്പിച്ചതും കണ്ണുകളുടെ ചതിപ്രയോഗവും അവൻ അറിയുകതന്നെ ചെയ്യും. അദ്ദേഹം നാഥനിലേക്ക് യാത്രയായ ദിനം സാക്ഷിനിൽക്കപ്പെട്ടതായിരുന്നു. വഴികളെല്ലാം ജനാസഃയുമായി തിങ്ങി നിറഞ്ഞു. മുസ്ലിംകൾ എല്ലാ വിദൂര ദിക്കുകളിൽ നിന്നും ഒത്തുകൂടി. അദ്ദേഹത്തിന്റെ ബർകത് തേടിയെത്തിയ ജനം മയ്യിത്ത് കട്ടിൽ സ്പർശിക്കാനുള്ള ധൃതിപ്പാടിൽ അതിന്റെ പലകപോലും പൊട്ടിപ്പോയി) അദ്ദുററുൽ കാമിനഃ ഫിൽ മിഅതിഥ്ഥാമിനഃ വാള്യം:1, പേ:182,183).

### ആരാണീ ഇബ്നു സയ്യിദിന്നാസ്

ശൈഖുൽ ഇസ്ലാമിനെതിരെ ശത്രുക്കൾ പ്രഖ്യാപിച്ച ബഹിഷ്ക്കരണാഹ്വാനത്തിന്നെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിച്ച ഇദ്ദേഹം സുന്നീ ഇമാമാണോ? ഒരു സുന്നീ ഇമാമിന് ഇത്രത്തോളം എഴുതാനും പറയാനും കഴിയുമോ? മശാഇഖിൽ നിന്നു ശിഷ്യത്വം സ്വീകരിക്കുകയും വിജ്ഞാനം പരമ്പരാഗതമായി ലഭിച്ചയാളുമാണോ ഇദ്ദേഹം? അതോ ഗുരുവര്യരിൽ നിന്ന് ഓതിപ്പടിക്കാതെ കേവലം പുസ്തകം വായിച്ച് പഠിച്ച വെറും മൗലവിമാത്രമോ? നമുക്ക് പരിശോധിക്കാം.

### ആയിരത്തോളം ശൈഖുമാരുടെ ശിഷ്യൻ

ദീർഘമായ വിശദീകരണത്തിന് ശേഷം ഇമാം ഇബ്നുഹജറിൽ അസ്ഖലാനി(റ), ഇമാം ഇബ്നു സയ്യിദിന്നാസിനെ സംബന്ധിച്ചെഴുതുന്നു:

وأجاز له جمع جم من العراق وإفريقية وغيرها وحفظ التنبيه ولعل مشيخته يقاربون الألف، ولازم ابن دقيق العيد وتخرج عليه في أصول الفقه وأعاد عنده وكان يحبه ويؤثره ويسمع كلامه ويثني عليه.

'ആഫ്രിക്ക, ഇറാക്ക് മുതലായ രാജ്യങ്ങളിലെ എണ്ണമറ്റ പണ്ഡിതർ അദ്ദേഹത്തിന് 'ഇജാസത്' നൽകി. 'അത്തൻബീഹ്' ഹൃദിസ്ഥമാക്കി. അദ്ദേഹത്തിന്റെ ഗുരുവര്യർ ആയിരത്തിനടുത്ത് വരും. ഇമാം ഇബ്നു ദഖീൽ ഈദുമായി പിരിയാതെ സഹവസിച്ചു. അദ്ദേഹത്തിൽ നിന്ന് ഉസ്വൂലുൽ ഫിഖ്ഹ് പഠനം പൂർത്തിയാക്കി. ഇമാമിനെ അദ്ദേഹം സ്നേഹിക്കുകയും പ്രശംസിക്കുകയും ഇടമുറിയാതെ സന്ദർശിക്കുകയും ചെയ്തു' (അദ്ദുററുൽ കാമിനഃ വാള്യം:5 പേ:476).

എന്റെ കാലഘട്ടത്തിലെ നാല് പ്രമുഖരിൽ ഒരാളെന്ന് താജുദ്ദീൻ സുബ്കി(റ) അടിവരയിട്ട ഇമാം ബിർസാലി(റ)യെ ഉദ്ധരിച്ച് ഇമാം ഇബ്നു ഹജർ(റ) തന്നെ എഴുതുന്നു:

وقال البرزالي: كان أحد الأعيان معرفة وإتقانا وحفظا للحديث وتفهما في علله وأسانيده عالما بصحيحه وسقيمه مستحضرا للسيرة، له حظ من العربية حسن التصنيف صحيح العقيدة سريع القراءة جميل الهيئة كثير التواضع طيب المجالسة.

'ഇമാം ബിർസാലി(റ) പറയുന്നു: ഹദീസ് ഹൃദിസ്ഥമാക്കുന്നതിലും പരിശോധിച്ച് കൃത്യത ശക്തമാക്കുന്നതിലും, സനദിന്റെ ബലാബലം മനസ്സിലാക്കുന്നതിലും, ശരിയും ന്യൂനതയും അറിയുന്നതിലും ഏറ്റവും പ്രമുഖനായ വ്യക്തി. ചരിത്രത്തെ ആവശ്യാനുസാരം സമർപ്പിക്കാൻ കഴിഞ്ഞു. അറബി നന്നായറിയാം. നല്ലഗ്രന്ഥരചയിതാവ്. സുന്ദരാകാരൻ. വല്ലാത്ത ലാളിത്യം. സുബദ്ധമായ ആദർശ നിഷ്ഠ, നല്ല കൂട്ട്' (അദ്ദുററുൽ കാമിനഃ വാള്യം: 5, പേ:477,478).

പിഴച്ചയാളല്ല, പുത്തനാശയക്കാരനുമല്ല, സനദില്ലാതെ വായിച്ച് പഠിച്ചയാളുമല്ല. ആയിരക്കണക്കിന് ഉസ്താദുമാരുടെ ശിഷ്യനും സുബദ്ധമായ ആദർശത്തിന്നുടമയുമായ മഹാപണ്ഡിതനാണ് ഇബ്നു തൈമിയ്യഃയെ വിമർശിച്ചവർക്കെതിരെ രോഷം കൊണ്ട ഇമാം ഇബ്നു സയ്യിദിന്നാസെന്ന് മനസ്സിലാക്കാൻ ഇനിയും തെളിവ് വേണോ?

പരലോകത്ത് അല്ലാഹുവിന്റെ മുമ്പിൽ നിൽക്കേണ്ട ഒരു ഭയാനകദിനം വരാനിരിക്കുന്നുവെന്ന ബോധം ലവലേശമെങ്കിലുമുള്ളവർക്ക് ഇമാം ഇബ്നു തൈമിയ്യഃയോടും അദ്ദേഹത്തെ അംഗീകരിക്കുന്നവരോടും അയിത്തം കാണിക്കുവാൻ സാധിക്കുമോ?

അലവി സഖാഫിയുടെ വാചകം ഒരിക്കൽ കൂടി വായിക്കാം: 'ഇബ്നു തൈമിയ്യഃയെ ഇസ്ലാമിക നവോത്ഥാന നായകനായും മഹാനായ പരിഷ്കർത്താവായും വിശേഷിപ്പിക്കുന്നതിലൂടെ അദ്ദേഹത്തിന്റെ തിരിമറികളും

സ്വാധീനവും സമൂഹത്തിൽ കുത്തിച്ചെലുത്തലാണ് ഇവരുടെ ലക്ഷ്യം. തൗഹീദ്, ഇബാദത്ത് തുടങ്ങി അടിസ്ഥാന വിഷയങ്ങളിൽ ഭിന്നാഭിപ്രായങ്ങൾ വെച്ചുപുലർത്തുകയും പരസ്പരം പഴിചാരുകയും ചെയ്യുന്ന വഹ്ഹാബി, മൗദൂദി കക്ഷികൾ ഇബ്നു തൈമിയ്യഃയുടെ കാര്യത്തിൽ ഒറ്റക്കെട്ടായി 'ശൈഖുൽ ഇസ്‌ലാം' നൽകി ആദരിക്കുന്നത് വിചിത്രമാണ്' (മതഗ്രന്ഥങ്ങളിലെ തിരിമറികൾ, പേ:89).

നിഷ്കളങ്കരായ വിശ്വാസികൾ സംഘടനാ പക്ഷപാതിത്വവും കക്ഷിത്വവും ഒഴിവാക്കി ആത്മാർത്ഥമായി ചിന്തിക്കട്ടെ, ഇമാം അബുൽ ഫതഹ് ഇബ്നു സയ്യിദിന്നാസ് അൽ യഅ്മരി(റ) ഏത് വിഭാഗത്തിലാണ് പെടുക? ഇബ്നു തൈമിയ്യഃയുടെ 'തിരിമറികൾ' സമൂഹത്തിൽ കുത്തിച്ചെലുത്തലായിരുന്നോ അദ്ദേഹത്തിന്റെ ലക്ഷ്യം? അദ്ദേഹം ഇന്ന് ജീവിക്കുകയാണെങ്കിൽ ഈ കൂട്ടരുടെ കൂടെ ഒരുമിച്ചിരുന്ന് 'ഇബ്നുതൈമിയ്യഃയുടെ ശിഷ്യരെ' ബഹിഷ്ക്കരിക്കാൻ ആഹ്വാനം ചെയ്യുമോ? അതോ ബഹിഷ്കരണാഹ്വാനം ചെയ്യുന്നവരെ അസൂയാലുക്കളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി വിർശിക്കുമോ? അല്ലാഹു നമുക്കെല്ലാം ഹിദായത് പ്രദാനം ചെയ്യട്ടെ! ആമീൻ.

ഇനി, ഇമാം താജുദ്ദീൻ സുബ്കി(റ) തന്നെ അദ്ദേഹത്തിന്റെ പത്ത് വാള്യങ്ങളുള്ള 'ത്വബഖാത്തുശ്ശാഫിഇയ്യത്തിൽ കുബ്റാ' എന്ന ഗ്രന്ഥത്തിൽ ആദ്യ വാള്യം മുതൽ അവസാനം വരെ വിവിധ ശാഫിഈ പണ്ഡിതരെ സംബന്ധിച്ചുള്ള വിശദീകരണത്തിൽ ഇമാം ഇബ്നു സയ്യിദിന്നാസി(റ)ന്റെ അഭിപ്രായം ഉദ്ധരിച്ചതായി കാണാം. ഈ മഹാനെ സംബന്ധിച്ച വിശദീകരണത്തിൽ ശൈഖ് ശംസുദ്ദീൻ ദഹബി, ശൈഖ് അലമുദ്ദീൻ ബിർസാലി എന്നിവരുടെ അഭിപ്രായം വിശദീകരിച്ച ശേഷം ഹാഫിള് ഇബ്നു ഫദ്‌ലുല്ലാഹ് (റ) പറഞ്ഞതായി ഉദ്ധരിക്കുന്നു.

وقال ابن فضل الله في مسالك الأبصار: أحد أعلام الحفّاظ وإمام أهل الحديث وافقين فيه بعكاظ البحر المكثارَ الحبر في نقل الآثارَ وله أدب أسلس قيادا في الغمام بأيدي الرياح وأسلم مرادا من الشمس في ضمير الصباح.

'മസാലികുൽ അബ്സ്വാർ' എന്ന ഗ്രന്ഥത്തിൽ ഇമാം ഇബ്നു ഫദ്‌ലുല്ലാഹ് പറയുന്നു. അദ്ദേഹം (ഇബ്നു സയ്യിദിന്നാസ്) ഹുഫ്ഫാളുകളിലെ അത്യുന്നതരിൽ ഒരാൾ, ഹദീസ് വിഭാഗത്തിന്റെ ഇമാം, സാഹിത്യ ചന്തയിലെ ഉന്നതരുമായി നിലവാരമുള്ളയാൾ, കരകാണാ സമുദ്രം, ഹദീസ് നിവേദനത്തിലെ ക്രാന്തദർശി, കാറ്റുകളുടെ കരങ്ങൾ മേഘങ്ങളെ അനായാസം നിയന്ത്രിക്കുന്നതുപോലുള്ള സാഹിത്യമർമജ്ഞൻ, (മനുഷ്യമനസ്സുകളെ ചിലപ്പിക്കാൻ കഴിയുന്നയാൾ). (ആശയാനുവാദം) അത്ത്വബഖാതുശ്ശാഫിഇയ്യഃ വാള്യം:9, പേ:269).

അല്ലാമഃ ഇബ്നു തൈമിയ്യഃ(റ)യെയും കേരളത്തിലെ ഇസ്‌ലാമിക സംരംഭങ്ങളെയും കിട്ടാവുന്ന എല്ലാ വേദികളിലും ഏറ്റവും ശക്തിയായി എതിർത്തുകൊണ്ടിരിക്കുന്ന ഒരു സഖാഫി മുഖ്യൻ, ഈജിപ്ത് യാത്രാ വേളയിൽ ഇമാം ഇബ്നു സയ്യിദിന്നാസിന്റെ മഖ്ബറഃ സന്ദർശിച്ചതും അവിടെ ദുആ ചെയ്താൽ ഉത്തരം കിട്ടുന്ന സ്ഥലമാണെന്നും ഈ ലേഖകനോട് തന്നെ പറഞ്ഞിട്ടുണ്ട്. ഹി: 734ൽ അഥവാ ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യഃ മരണമടഞ്ഞ അഞ്ചാം വർഷം ഇമാം ഇബ്നു സയ്യിദിന്നാസ് ഇഹലോകവാസം വെടിഞ്ഞു.

ഔലിയാഇനെയും മഹത്തുക്കളെയും കുറ്റം പറയുന്നവരും അനാദരിക്കുന്നവരുമാണ് ജമ, മുജകളെന്ന് കിട്ടാവുന്ന മുഴുവൻ വേദികളിലും വാതോരാതെ പ്രസംഗിച്ച് നടക്കുകയും നിഷ്കളങ്കമായ സുന്നീമനസ്സിനെ ഈ വിഭാഗങ്ങൾക്കെതിരായി ഇളക്കിവിടുകയും ഖിയാമത്തിന്റെ അലാമതെന്നും 'ആഖിറുസ്സമാനിലെ ഫിത്നഃ'യെന്നും തോന്നിപ്പിക്കും വിധം തീരാ ശത്രുത സാധാരണക്കാരിൽ സൃഷ്ടിക്കുകയും ചെയ്യുന്ന ഈ പണ്ഡിത വിഭാഗമാണ് ശൈഖുൽ ഇസ്‌ലാമിനെ പൂർവ്വികരായ ഈ മഹാൻമാരൊന്നും പറയാത്ത വാക്കുകളുപയോഗിച്ച് നിന്ദിക്കുന്നത് ഏതായാലും അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചാണ് എന്ന് വിശ്വസിക്കുന്നത് മൗഢ്യമല്ലാതെ പിന്നെ മറ്റെന്താണ്?

കിതാബുകൾ അധികമൊന്നും ഓതിയിട്ടില്ലെങ്കിലും ദീനിനോടും അഹ്‌ലുസ്സുന്നഃ വൽ ജമാഅത്തിനോടും കടുത്ത സ്നേഹം വെച്ചുപുലർത്തുന്ന ഒരു സാധാരണ എസ്.എസ്.എഫ്, എസ്.വൈ.എസ് പ്രവർത്തകരുടെ ശരീരഭാഷയും മനസ്സും ഏറെ അറിയാവുന്ന ഒരാളെന്ന നിലയിൽ ഹൃദയം വേദനിച്ചിട്ട് തന്നെയാണ് അവർക്കാവശ്യമായ തെളിവുകൾ സമാഹരിക്കാനുള്ള എളിയ ശ്രമം തുടങ്ങിയത്.

ഒരു കാര്യം സത്യം തന്നെയാണ്. കിതാബുകളിൽ പകൽപോലെ വ്യക്തമായ ഇത്രയധികം തെളിവുകൾ ഉണ്ടായിരിക്കെ ഇമാം ഇബ്നു തൈമിയ്യഃയോടും മറ്റു മുസ്‌ലിം സംഘടനകളോടും അസ്പർശ്യ നിലപാടുകളെടുക്കാൻ ഉസ്താദ് എ.പി. അബൂബക്കർ മുസ്‌ലിയാർ നേതൃത്വം നൽകുന്ന സമസ്തയെ പ്രേരിപ്പിക്കുന്നതെന്താണ്? കിതാബുകളിൽ ഇങ്ങനെയുള്ള ഉദ്ധരണികൾ ഇല്ലെന്നാണോ? അതോ ഉണ്ടെങ്കിൽ കണ്ടിട്ടില്ലായിരിക്കുമോ? ഇതൊന്നുമല്ലെങ്കിൽ കണ്ടിട്ടും സത്യം മനഃപൂർവ്വം ജനങ്ങൾക്ക് മുമ്പിൽ മറച്ച് വെക്കുകയോ? ഇതിൽ ഏതായിരിക്കും ശരി?

കിതാബുകളിലൊന്നും സമസ്ത കേരള ജംഇയ്യത്തുൽ ഉലമ അംഗീകരിക്കുന്ന അഹ്‌ലുസ്സുന്നഃയുടെ ഒരു ഇമാമും ഇബ്നു തൈമിയ്യയെ പുകഴ്ത്തിയിട്ടില്ലായെന്നാണെങ്കിൽ ഇവിടെ ഉദ്ധരിക്കപ്പെട്ട ഇമാം അവർകളെ പുകഴ്ത്തിയ എല്ലാ ഉദ്ധരണികളും അസത്യമാണെന്ന് ഈ ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടതിന്റെ തൊട്ടടുത്ത ലക്കം പുറത്തിറങ്ങുന്ന സുന്നീവോയ്സിൽ പരസ്യമായി എഴുതുക. അംഗീകൃത മഹാൻമാരുടെതായി ഉദ്ധരിക്കപ്പെട്ട ഒരു പ്രശംസാ വാചകവും കിതാബുകളിൽ കാണാൻ സാധ്യമല്ലെന്ന് പറയാൻ തയ്യാറാവുക.

ഇനി അതല്ല, കിതാബുകളോ ഉദ്ധരണികളോ

കണ്ടിട്ടില്ലായിരിക്കുമോ? അത് വിശ്വസിക്കുക പ്രയാസമാണ്. ഈ വിഭാഗം നേതൃത്വം നൽകുന്ന ഇസ്‌ലാമിക സുന്നീ കലാലയങ്ങളിൽ വർഷം തോറും സനദ് വിതരണം ചെയ്യുന്നവരിൽ നിന്ന് ഈ അജ്ഞത പ്രതീക്ഷിക്കാൻ നിർവാഹമില്ല. ആകാശത്തിന് താഴെ മറ്റൊരു ശംസും ഖമറും താജും പ്രകാശം ചൊരിഞ്ഞ ഒരു പ്രസ്ഥാനത്തിൽ അജ്ഞതയുടെ അമാവാസി പരക്കുമെന്ന് ഒരാളും ധരിക്കുമെന്ന് തോന്നുന്നില്ല.

ഇതു രണ്ടുമല്ല, ഉദ്ധരണികളൊക്കെ കണ്ടിട്ടുണ്ട്. പക്ഷേ, അത് പറയാൻ നിവൃത്തിയില്ല. പറഞ്ഞാൽ സംഘടനയുടെ അസ്തിത്വം തന്നെ നഷ്ടപ്പെട്ട് പോകും. ഇത് വരെ സൂക്ഷിച്ച് വെച്ച കൃത്രിമമായ മഹത്വമൊക്കെ ജനങ്ങൾ മറുവിഭാഗങ്ങളോടുള്ള ശത്രുതയും അസ്പർശ്യതയുമെല്ലാം അവസാനിച്ച് പോയാൽ പിന്നെ ഭാവി തന്നെ തുലാസിലായേക്കാം. അതിനാൽ സത്യത്തെ പല്ലും നഖവുമുപയോഗിച്ചും നാവിനെ വ്യവസ്ഥാപിതമായി ചലിപ്പിച്ചും വേഷവിധാനങ്ങളെ ഭക്തിയുടെ ബഹിസ്ഫുരണമാക്കിയും സത്യത്തെ മറച്ചുവെക്കുക തന്നെ. ഇതല്ലാതെ യാതൊരു വഴിയുമില്ല. ഇതാണ് അടിസ്ഥാനം. വിശുദ്ധ ഖുർആൻ യഹൂദരെ ചൂണ്ടിക്കാണിച്ച് മുസ്‌ലിംകൾക്ക് നൽകിയ മുന്നറിയിപ്പും അതുതന്നെ. ഒരു പണ്ഡിതന്മാരോടുള്ള ആദരവ് പുലർത്തി തന്നെ ദുഃഖത്തോടും ഖേദത്തോടും ഇത് പറയാതിരിക്കാൻ നിർവ്വാഹമില്ല. അല്ലാഹു പറയുന്നു:

تَشْتَرُوا بآيَاتِي ثَمَنًا قَلِيلاً وإِيَّايَ فاتّقُون. ولاَ تَلْبِسُوا الحَقَّ بالبَاطل وَءَامِنُوا بِمَا أَنْزَلْتُ مُصَدّقًا لِّمَا مَعَكُمْ وَلاَ تَكُونُوا أَوَّلَ كافرٍ بِهِ وَلاَ وتكتمُوا الحق وانتُمْ تعلمُون.

സത്യത്തെ മറച്ചുവെക്കുക എന്ന ജൂതവേല അജ്ഞതയിൽ നിന്നുള്ളതല്ല എന്ന് ഈ വിശുദ്ധ വാചകം വ്യക്തമാക്കുന്നു. 'നിങ്ങൾക്കറിവുണ്ടായിരിക്കെ' എന്ന വാക്യം അതാണ് സൂചിപ്പിക്കുന്നത്. സമ്പത്തിന് വേണ്ടിയാകരുത് ദീനിന്റെ പ്രവർത്തനമെന്നതും ഖുർആൻ നമ്മെ ഉണർത്തുന്നു. മുസ്‌ലിം പണ്ഡിതന്മാർ തന്നെ യാവരുത് ഈ കാര്യങ്ങളൊക്കെ നിഷേധിക്കുന്നവരുടെ കൂട്ടത്തിൽ മുമ്പന്മാർ എന്നും ജൂതപണ്ഡിതരുടെ സ്വഭാവം ചൂണ്ടിക്കാണിച്ച് അല്ലാഹു ഇവിടെ മുന്നറിയിപ്പു നൽകുന്നു.

മറ്റൊരു സ്ഥലത്ത് രാജാധിരാജനായ അല്ലാഹു പറയുന്നു:

يَسْمَعُونَ كلاَمَ الله ثُمَّ يُحَرِّفُونَهُ من بَعْدِ مَا عَقَلُوهُ وَهُمْ يَعْلَمُون
أَفَتَطْمَعُونَ أن يؤمِنُوا لَكُمْ وَقَدْ كَانَ فَرِيقٌ مِّنْهُمْ

ഇസ്‌ലാമിൽ വായന, ബുദ്ധി, വിജ്ഞാനം, തെളിവ് മുതലായവയാണ് സത്യത്തിലേക്കുള്ള മാർഗ്ഗങ്ങൾ. അല്ലാതെ സങ്കൽപം, പാരമ്പര്യം, കാൽപനിക കഥകൾ, അജ്ഞത, അന്ധത എന്നിവയൊന്നുമല്ലായെന്ന് ഈ രണ്ട് സൂക്തങ്ങളും മുസ്‌ലിംകളോട് ഉണർത്തുന്നുണ്ട്. അല്ലാഹുവിന്റെ യഥാർത്ഥ കലാം തന്നെ കേട്ടു മനസ്സിലാക്കിയ ശേഷം മാറ്റിത്തിരുത്തിയ പാരമ്പര്യമുള്ള യഹൂദരുടെ സ്വഭാവം നമുക്ക് ചേർന്നതല്ലെന്നാണ് ഖുർആനികാഹ്വാനം.(തുടരും)

Mob: 0097150 5323055, hamna69kadi@yahoo.com